പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7321 16.07.2012 ൽ മറുപടിക്ക്

# പുനലൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പണികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. രാജു : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം പുനലൂർ മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം പൊതുമരാമത്ത് ജോലികൾക്ക് ഭരണാനുമതി നൽകിയെന്നും ഏതെല്ലാം ജോലികൾക്ക് ടെക്നിക്കൽ സാങ്ഷൻ നൽകിയെന്നും പറയുമോ ; | (എ) .ഈ സർക്കാർ അധികാരമേറ്റ ശേഷം കൊല്ലം ദേശീയപാത വിഭാഗത്തിന് കീഴിലുള്ള പുനലൂർ മണ്ഡലത്തിൽ ഭരണാനുമതി നല്കിയ പണികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ദേശീയപാത 744 (208)-ൽ കി.മീ. 52/000 മുതൽ 66/000 വരെയുള്ള ഭാഗങ്ങളിൽ പോട്ട് ഹോൾ ഫില്ലിംഗ്, ബിറ്റ് ചിപ്പിംഗ് കാർപ്പെറ്റ് മുതലായവ ചെയ്യുന്ന പ്രവൃത്തി (8,88,174 രൂപ)<br>2.ദേശീയപാത 744 (208)-ൽ കി.മീ.66/000 മുതൽ 81/250 വരെയുള്ള ഭാഗങ്ങളിൽ പോട്ട് ഹോൾ ഫില്ലിംഗും, ബിറ്റ് ചിപ്പിംഗ് കാർപ്പെറ്റ് മുതലായവ ചെയ്യുന്ന പ്രവൃത്തി (8,91,083 രൂപ)<br>3. ദേശീയപാത 744 (208)-ൽ കി.മീ.46/150 മുതൽ 46/250 വരെ കലുങ്കിന്റെയും ഓടയുടെയും പുനർ നിർമ്മാണം (4,86,163 രൂപ)<br>4. ദേശീയപാത 744 (208)-ൽ കി.മീ. 45/000 മുതൽ 52/000 വരെയുള്ള ഭാഗങ്ങളിൽ പോട്ട് ഹോൾ ഫില്ലിംഗ്, ബിറ്റ് ചിപ്പിംഗ് കാർപ്പെറ്റ് മുതലായവ ചെയ്യുന്ന പ്രവൃത്തി (8,88,566 രൂപ)<br>5. ദേശീയപാത 744-ൽ കി.മീ.71/400-ൽ തകർന്ന സംരക്ഷണഭിത്തിയുടേയും ബേമിന്റേയും നിർമ്മാണ പ്രവൃത്തികൾ (17,66,810 രൂപ)<br><br>റോഡുകളും പാലങ്ങളും വിഭാഗം സംബന്ധിച്ച വിവരം അനുബന്ധമായി (I) നൽകിയിരിക്കുന്നു. |

(ബി) ഏതെല്ലാം ജോലികൾക്ക് ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതി ലഭിച്ചുവെന്നും പ്രസ്തുത ജോലികൾക്ക് അനുവദിച്ച തുക എത്ര വീതമെന്നും വിശദമാക്കുമോ

(ബി) പ്രത്യേക അനുമതി ലഭിച്ച പ്രവൃത്തികൾ ഒന്നുമില്ല.

(സി) വരുന്ന സാമ്പത്തിക വർഷം പുനലൂർ മണ്ഡലത്തിൽ ചെയ്യുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള പൊതുമരാമത്ത് ജോലികളുടെ മുൻഗണനാ ക്രമവും ആയതിനായി ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുകയും വ്യക്തമാക്കുമോ?

(സി)പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ വരുന്ന സാമ്പത്തിക വർഷം പുനലൂർ മണ്ഡലത്തിൽ ചെയ്യുന്നതിന് താഴെ പ്രവൃത്തികൾ ടോക്കൺ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ഉപജില്ല വിദ്യാഭ്യാസ ആഫീസിന്റെ കെട്ടിട നിർമ്മാണം - 1.8 കോടി രൂപ
2. പുനലൂർ റസ്റ്റ് ഹൗസ് നിർമ്മാണം - 2.10 കോടി രൂപ

ദേശീയപാതാ വിഭാഗത്തെ സംബന്ധിച്ച അനുബന്ധമായി (II) ചേർക്കുന്നു.

നിരത്തുകളും പാലങ്ങളും സംബന്ധിച്ച വിവരം അനുബന്ധം (III) ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

[illegible] ലഭ്യമാണ്